(ബി) അർഹതയില്ലാത്തവർ പലരും പ്രസ്തുത ആനുകൂല്യം അനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അർഹരായവർക്കുമാത്രം ആനുകൂല്യം നൽകുന്നതിന് അടിയന്തിര നടപടിയെടുക്കുമോ?

ഉത്തരം

(എ, ബി) 1996-ൽ ഗ്രാമപ്രദേശങ്ങളിൽ സംയോജിത ഗ്രാമ പദ്ധതി പ്രകാരവും നഗര പ്രദേശങ്ങളിൽ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി പ്രകാരവുമുള്ള ഗുണഭോക്തൃക്കളുടെ ലിസ്റ്റിൽനിന്നും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് ഇപ്പോഴത്തെ ബി.പി.എൽ. കാർഡുകാരെ തെരഞ്ഞെടുത്തിട്ടുള്ളത്. ഇതിൽ അർഹതയില്ലാത്തവർ കടന്നുകൂടിയിട്ടുണ്ടോയെന്ന് ഭക്ഷ്യവകുപ്പിന് അറിവില്ല.

(സി) കേന്ദ്ര സർക്കാർ മാർഗ്ഗരേഖയനുസരിച്ച് ബി.പി.എൽ. കുടുംബങ്ങളുടെ അന്തിമ ലിസ്റ്റ് തയ്യാറാക്കുന്നത് അതാത് ഗ്രാമ/വാർഡ് സഭകളാണ്. ഇങ്ങനെ തയ്യാറാക്കി, സർക്കാർ അംഗീകരിക്കുന്ന ലിസ്റ്റിൽ മാറ്റം വരുത്താൻ വ്യവസ്ഥയില്ല.

മാർജിൻ ഫ്രീ മാർക്കറ്റുകൾ

52 [3778] ശ്രീ. വർക്കല കഹാർ:

,, പി. ജെ. ജോയി:

,, ടി. എൻ. പ്രതാപൻ:

,, എം. മുരളി:

,, വി. ജെ. പൗലോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാർജിൻ ഫ്രീ മാർക്കറ്റുകൾ തുടങ്ങുന്ന കാര്യത്തിൽ എന്തെങ്കിലും നിയന്ത്രണം നിലവിലുണ്ടോ;

(ബി) മാർജിൻ ഫ്രീ മാർക്കറ്റുകളിൽകൂടി വിൽക്കപ്പെടുന്ന സാധനങ്ങളുടെ ഗുണനിലവാരത്തെപ്പറ്റി കർക്കശമായ വ്യവസ്ഥകൾ കൊണ്ടുവരുവാൻ ഉദ്ദേശ്യമുണ്ടോ;

(സി) അവ നൽകുന്ന ബില്ലുകളിൽ വിതരണം ചെയ്യുന്ന സാധനങ്ങൾ ഉന്നത ഗുണനിലവാരം പുലർത്തുന്നതാണെന്ന സർട്ടിഫിക്കറ്റ് ചേർക്കുവാൻ വ്യവസ്ഥ ചെയ്യുമോ?

LIBRARY ARCHIVES Kerala Legislative Assembly